പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 4574

29/06/2012 ൽ
മറുപടിക്ക്

## യക്ഷഗാന അക്കാദമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) യക്ഷഗാന അക്കാദമിയുടെ ആസ്ഥാന മന്ദിരത്തിനായി കുമ്പള പഞ്ചായത്തിലെ മൂണ്ടുംകാവ് എന്ന സ്ഥലത്ത് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി എത്രതുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും പറയുമോ; | (ബി) എം.എൽ.എ. എസ്.ഡി.എഫ്.പദ്ധതി പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രസ്തുത പ്രവൃത്തിക്കായി രണ്ട് എം.എൽ.എ മാരുടെ വിഹിതമായ 25 ലക്ഷം രൂപ കളക്ടറുടെ ടി.എസ്.ബി. അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; സമയബന്ധിതമായി കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കുമോ? | (സി) കുമ്പള ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ് പ്രസ്തുത .പദ്ധതിയുടെ നിർവ്വഹണാധികാരി. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർവ്വഹണാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബില്ലും മറ്റ് രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ